പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1964 *16.06.2014*-ൽ മറുപടിക്ക്

**കിളിമാനൂർ കെ.എസ്.ആർ.ടി.സി ഡിപ്പോയിലെ നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. സത്യൻ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കിളിമാനൂർ കെ. എസ്. ആർ.ടി.സി ഡിപ്പോയിൽ ഏതൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നു വരുന്നതെന്നും ഓരോ പ്രവൃത്തിക്കും എത്ര തുക വീതമാണ് അനുവദിച്ചിരിക്കുന്നതെന്നും നിർമ്മാണം എന്നത്തേക്ക് പൂർത്തിയാകുമെന്നും ഏത് ഫണ്ടാണ് ഇതിന് വിനിയോഗിക്കുന്നതെന്നും വിശദമാക്കാമോ; | (എ) | കിളിമാനൂർ ഡിപ്പോയിൽ ഇപ്പോൾ നടന്നു വരുന്ന നിർമ്മാണ പ്രവർത്തികൾ:-<br>1. ജെന്റർ സെൻസിറ്റീവ് സ്കീമിൽ ഉൾപ്പെടുത്തി 22 ലക്ഷം രൂപയ്ക്ക് വനിതാ യാത്രക്കാർക്കായുള്ള കാത്തിരിപ്പു കേന്ദ്രവും ടോയ്ലറ്റ് ബിൽഡിങ്ങും പണി നടന്നു വരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.<br>2. കെ.എസ്.ആർ.ടി.സി.യുടെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് 13,30,000/- രൂപയ്ക്ക് നിർദ്ദിഷ്ട ഡീസൽ ടാങ്കിനു വേണ്ടിയുള്ള സംരക്ഷണ മതിൽ നിർമ്മാണവും ഗാരേജിനു മുന്നിലുള്ള യാർഡ് കോൺക്രീറ്റിങ്ങും പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | കിളിമാനൂർ കെ. എസ്. ആർ. ടി. സി ഡിപ്പോയിലെ ബസ് ബേ തകർന്നു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | ഉണ്ട്. പ്രസ്തുത പ്രവർത്തിക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ